# വിട്ടുകളഞ്ഞ പ്രശ്നം പരിഹരിക്കൽ

ഈ പഠനപരമ്പരയിൽ, നേതൃത്വത്തിനെ കുറിച്ചു ബൈബിൾപരമായ കാഴ്ച്ചപ്പാടും സഭാദ്ധ്യക്ഷന്മാർക്കു ഉണ്ടാകേണ്ട അസംഖ്യം കഴിവുകളെയും നാം ആമുഖമായി കണ്ടു. ഈ മൂന്നാമത്തെ ഭാഗത്തു, സഭാദ്ധ്യക്ഷന്മാർ നേരിടുന്ന ഏറ്റവും സാധാരണമായ വെല്ലുവിളികളെ (ചിലർ അതിനെ പ്രശ്നങ്ങൾ എന്നു വിളിച്ചേക്കാം) നാം പഠിക്കുകയാണ്.

സഭയിലെ നേതൃത്വത്തെ കുറിച്ചുള്ള പുസ്തകങ്ങൾ പ്രായോഗികമായി മതിയായതാകാനിടയില്ല. അവ വായിച്ചശേഷം, സഭാദ്ധ്യക്ഷന്മാർ ചോദിച്ചേക്കാം, “ഞാനിപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നം പരിഹരിക്കുവാൻ അവ എങ്ങനെ സഹായിക്കും?” സഭയിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ മനുഷ്യർക്കാർക്കും കഴിയുകയില്ലെങ്കിലും, ഈ പാഠങ്ങൾ ആ ചോദ്യത്തിനു ഉത്തരം നല്കുവാൻ സഹായിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്.

നാം ചർച്ച ചെയ്യുവാനാഗ്രഹിക്കുന്ന ആദ്യത്തെ വെല്ലുവിളി കർത്താവിന്റെ സഭയിലെ വിട്ടുകളഞ്ഞ പ്രശ്നം എന്നതാണ്.[1]

### ഒരു മുഖ്യ വെല്ലുവിളി

അവിശ്വസ്തരായ അംഗങ്ങളുടെ പ്രശ്നത്തോടു ഒരു ഇടവകക്കും പ്രതിരോധ ശക്തിയില്ല. വിശ്വാസ വീഴ്ച്ച പുതിയ നിയമത്തിൽ സാധ്യതയും വസ്തുതയുമാണ്. വീണു പോകരുതെന്നു ക്രിസ്ത്യാനികളെ മുന്നറിയിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 10:12; എബ്രായർ 6:4–6), ചിലർ വിശ്വാസം വിട്ടകന്നുപോയതായി പറഞ്ഞിട്ടുണ്ട് (ഗലാത്യർ 5:4; യാക്കൊബ് 5:19, 20). അതു വർത്തമാന-കാല യാഥാർത്ഥ്യവുമാണ്; ഒരുപക്ഷെ പരിവർത്തനം ചെയ്തവരിൽ 50 ശതമാനം വിശ്വാസം വിട്ടു പോയിട്ടുണ്ട്. മിക്കവാറും സമൂഹങ്ങളിൽ സഭ ആരംഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ, ഇന്നുള്ള അംഗങ്ങളിൽ അത്രയും പേർ അവിശ്വസ്തരായി പിൻവാങ്ങി പോയിട്ടുള്ളതായി കാണാം.

ഇതു ഒരു പ്രശ്നം മാത്രമല്ല; ഇതു ഖേദകരവുമാണ്. ക്രിസ്ത്യാനിക

ളായി തീർന്നിട്ടു പിൻമാറി പോകുന്നത് അവർ കർത്താവിനെ അനുസരിക്കാതിരുന്ന അവസ്ഥയേക്കാൾ മോശമായി തീരും എന്നു ബൈബിൾ പറയുന്നു (2 പത്രൊസ് 2:20–22). നിങ്ങളുടെ സ്വന്ത കുടുംബത്തിലെ ഒരു സഹോദരനോ സഹോദരിയോ നഷ്ടപ്പെട്ടു പോകുന്നതിനെ കുറിച്ചു ഊഹിക്കുക! അതു സഭയിലെ ഒരു ആത്മിയ സഹോദരൻ വീണു പോകുമ്പോഴും സംഭവിക്കുന്നു!

രക്ഷിക്കപ്പെട്ടവരെ നിലനിർത്തുവാൻ പല ഇടവകകളും വളരെ കുറച്ചു മാത്രമെ ചെയ്യുന്നുള്ളൂ. അവർ പുതിയ അംഗങ്ങളെ മുൻവാതിലിലൂടെ സ്വാഗതം ചെയ്യുകയും അവരെ പുറം വാതിലിലൂടെ നഷ്ടമാക്കുകയും ചെയ്യുന്നു. നമുക്ക് പുറം വാതിൽ അടക്കേണ്ടതുണ്ട്!

ഈ പ്രശ്നം പരിഹരിക്കുവാൻ നമുക്ക് എന്തു ചെയ്യുവാൻ കഴിയും? ഒരു പരിഹാര സമീപനം നമുക്കു എബ്രായർ 10:19–25 ൽ കാണാം.

വിശ്വാസത്തിൽ നിന്നു ക്രിസ്ത്യാനികൾ വീണു പോകുന്ന അപകടത്തെ കുറിച്ചു എഴുതിയിരിക്കുന്നതാണ് എബ്രായ ലേഖനം. സത്യത്തിൽ നിന്നകന്നു പോകുന്നതിനെ സംബന്ധിച്ചു അവരെ മുന്നറിയിച്ചിട്ടുണ്ട് (2:1), "ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന്നു, അവിശ്വാസമുള്ള, ദുഷ്ടഹൃദയം" ഉണ്ടാകുക (3:12), യിസ്രായേൽ ചെയ്തതു പോലെ അനുസരണക്കേടിൽ വീഴരുത് (4:11), പിന്നീട് മാനസാന്തരപ്പെടുവാൻ കഴിയാത്ത വീഴ്ച്ച സംഭവിക്കാതെ നോക്കണം (6:4–6). (കൂടാതെ നോക്കുക 6:7, 8; 10:26–31, 35, 39; 12:15–17.)

വീഴ്ച്ചയുടെ കാരണത്തിൽ അന്യഥാ ഉപദേശം ഉൾപ്പെട്ടിരിക്കുന്നു (13:7–10); ഉപദേശം സ്വീകരിച്ചവർ യെഹൂദ മതം വിട്ടു വന്ന യെഹൂദ ക്രിസ്ത്യാനികൾ ആയിരുന്നു എന്നും അവർ വീണ്ടും മോശെയുടെ ന്യായപ്രമാണത്തിലേക്കു തിരിച്ചു പോയതിനാൽ അപകടത്തിൽ ആയിരുന്നുവെന്നും കരുതപ്പെടുന്നു.

ഭീഷണി ഉയർത്തിയതു ഉപദേശത്തിൽ നിന്നുള്ള വീഴ്ച്ച മാത്രമായിരുന്നില്ല; അതു പ്രായോഗികമായ വീഴ്ച്ച കൂടെ ആയിരുന്നു. അവർ "മന്ദത" എന്ന അപകടത്തിലായിരുന്നു (6:12). അവർ അധൈര്യപ്പെട്ടും നിരുത്സാഹപ്പെട്ടും ഇരുന്നു; ലേഖകൻ പറഞ്ഞു, "ആകയാൽ തളർന്ന കയ്യും കുഴഞ്ഞ മുഴങ്കാലും നിവർത്തുവിൻ" (12:12). അവർ വളരേണ്ട രീതിയിൽ വളർന്നിട്ടില്ല (5:11–14), ചിലർ സഭായോഗം ഉപേക്ഷയായി വിചാരിച്ചു (10:25).[2]

അവരുടെ സാഹചര്യം സുപരിചിതമായി തോന്നുന്നു. എബ്രായ ലേഖകൻ എഴുതിയപ്പോൾ അഭിമുഖീകരിക്കുന്ന അതേ ഉപദേശം ആയിരിക്കയില്ല ഇന്നു സഭാദ്ധ്യക്ഷന്മാർ നേരിടുന്നത്, എന്നാൽ മറ്റൊരുരീതിയിൽ അവിടെ വായിക്കുന്ന ക്രിസ്ത്യാനികളുടെ വീഴ്ച്ചയുടെ അപകടത്തെ കുറിച്ചുള്ള വിവരണം ഇന്നത്തെ ആധുനിക ഇടവകയെ കുറിച്ചുള്ളതായി തോന്നുന്നു. അതുകൊണ്ടു, എബ്രായ ലേഖനത്തിൽ വിവരിക്കുന്ന പരിഹാരം, പ്രത്യേകിച്ചു 10:19–25-ൽ വിവരിക്കുന്നതു, ഇന്നും ബാധകമാണ്. ഈ വേദഭാഗത്തു സൂചിപ്പിച്ച് വിട്ടുപോയ പ്രശ്നം പരിഹരിക്കേണ്ടതിന് ആവശ്യമായത് എന്താണ്?

## ശരിയായ ഉപദേശം

അതു ആദ്യം, സൂചിപ്പിക്കുന്നത്, ഇടവകയ്ക്കു ശരിയായ ഉപദേശം പഠിപ്പിക്കേണ്ടത് ആവശ്യമാണ് എന്നാണ്.

"ശ്രേഷ്ഠത" എന്ന ആശയത്തെ ഊന്നി പറയുകയാണ് എബ്രായ ലേഖനം. ക്രിസ്തുവും ക്രിസ്തുവിന്റെ വഴികളും മോശെയുടെ ന്യായ പ്രമാണത്തേക്കാൾ ഉയർന്നതാണ്. നമുക്കു ഒരു ശ്രേഷ്ഠ വക്താവുണ്ട് (1:1, 2). അവൻ ദൂതന്മാരേക്കാൾ ശ്രേഷ്ഠനാണ് (1:4–14) അവൻ മുഖാന്തരമാണ് നിയമം നല്കിയത് (2:2). അവൻ മോശെയെക്കാൾ വലിയവനും (3:3), അവന്റെ പൗരോഹിത്യം ലേവ്യാ പൗരോഹിത്യത്തേക്കാൾ ശ്രേഷ്ഠവുമാണ് (7:7, 15, 16, 23–28). അവൻ മുഖാന്തരം നമുക്കു ശ്രേഷ്ഠമായ ഒരു പ്രത്യാശയുണ്ട് (7:19), ഒരു ശ്രേഷ്ഠമായ നിയമവുമുണ്ട് (7:22; 8:6, 7) അതു ശ്രേഷ്ഠമായ വാഗ്ദാനങ്ങളിന്മേലും (8:6), ശ്രേഷ്ഠമായ യാഗത്തിന്മേലും സ്ഥാപിച്ചു (9:9, 10, 12–14, 23; 10:1–4, 10–18). അവൻ ശുശ്രൂഷ ചെയ്യുന്നതു വലുപ്പമേറിയ കൂടാരത്തിൽ (9:11, 23, 24; 12:18–24).

ചുരുങ്ങിയതു ചില വായനക്കാരുടെയെങ്കിലും തെറ്റായ ആശയത്തെ ഖണ്ഡിക്കുകയായിരുന്നു ഈ ഉപദേശ ലക്ഷ്യം. കൂടാതെ അതു എബ്രായർ 10:19–25 വരെയുള്ള വേദഭാഗത്തിലെ പ്രബോധനങ്ങളുടെ അടിസ്ഥാനവും നല്കുന്നുണ്ട്. വേദഭാഗം ഇങ്ങനെ ആരംഭിക്കുന്നു,

> അതുകൊണ്ടു, സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി, നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന്നു, ധൈര്യവും, ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ടു, ...

ഈ വിധത്തിൽ പുസ്തകത്തിലെ "ഉപദേശ" സന്ദേശം ചുരുക്കിയിരിക്കുന്നു: (1) യേശുവിന്റെ രക്തത്താൽ നമുക്കു കൂടാരത്തിലേക്കു പ്രവേശിക്കാം, (2) നമുക്കു ദൈവാലയത്തിന്മേൽ വലിയ ഒരു മഹാപുരോഹിതനുമുണ്ട്. സന്തോഷിക്കുവാൻ എന്തൊക്കെ കാരണങ്ങൾ! എന്തെല്ലാം മനോഹര കാരണങ്ങളാണ് പിൻവരുന്നതു!

സഭാംഗങ്ങൾ വിശ്വസ്തരായിരിപ്പാൻ സഭാദ്ധ്യക്ഷന്മാർ അവരെ സഹായിക്കുകയാണെങ്കിൽ, സഭയെ നന്നായി ഉപദേശിക്കുന്നുണ്ടോ എന്നു അവർ ഉറപ്പുവരുത്തണം എന്ന് ഇത് സൂചിപ്പിക്കുന്നു. ശരിയായ ഉപദേശം മാത്രം പോരാ, എന്നാൽ അതുകൂടാതെ ഒരു ശിഷ്യനു ഉറച്ചു നില്ക്കുവാൻ കഴിയുന്ന അടിസ്ഥാനം ഉണ്ടാകയില്ല. ആഴമില്ലാത്ത മണ്ണിൽ വിത്തു വിതക്കുന്നതുപോലെ, "വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ, അവൻ ക്ഷണത്തിൽ ഇടറിപോകുന്നു" (മത്തായി 13:21).

ക്രിസ്ത്യാനികളെ പഠിപ്പിക്കേണ്ട തത്വങ്ങളിൽ, ക്രിസ്ത്യാനികളായ നാം ആസ്വദിക്കുന്ന അനുഗ്രഹങ്ങൾക്ക് മുൻഗണന നൽകണമെന്നും, അതു സൂചിപ്പിക്കുന്നു. നാം വിലമതിക്കുന്നതിനെ നന്നായി ശ്രദ്ധിക്കണം: നാലിലൊന്നു നഷ്ടമായാൽ അധികമാളുകളും ആകുലരാകയില്ല, പക്ഷെ

പത്തുലക്ഷം രൂപയുടെ നാലിലൊന്നു നഷ്ടപ്പെടാതിരിക്കുന്നതിനു അധികം പേരും ശ്രദ്ധിക്കും. ഒരുപക്ഷെ ദൈവത്തിന്റെ “അത്ഭുത കൃപ,” നിമിത്തം നമുക്കുള്ള മനോഹരമായ നേട്ടങ്ങൾക്ക് നാം യഥാർത്ഥത്തിൽ വില കല്പിച്ചിരുന്നെങ്കിൽ അതു അശ്രദ്ധയോടെ കൈകാര്യം ചെയ്യുകയില്ലായിരുന്നു.

**തുടർച്ചയായി ദൈവത്തോട് അടുക്കൽ**

ക്രിസ്തു മുഖാന്തരം ലഭിക്കുന്ന അനുഗ്രഹങ്ങളെ കുറിച്ചു പറഞ്ഞ ശേഷം (അവ ന്യായപ്രമാണത്താൽ ലഭിച്ചിരുന്നില്ല), ലേഖകൻ വായനക്കാർക്കു നൽകുന്ന മൂന്നു ആജ്ഞാഭാവമുള്ള പ്രസ്താവനകൾ, ഓരോന്നും “നാം...” എന്ന മുഖവുരയോടെയുള്ളതാണ്. ഒന്നാമത്തേത് “നാം ദുർമ്മനസാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും, ശുദ്ധ വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക” (എബ്രായർ 10:22). പിന്നീട് താത്വികമായി “നമുക്കു വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുവാൻ ധൈര്യം ഉള്ളതുകൊണ്ടും” “ദൈവാലയത്തിന്മേൽ വലിയോരു മഹാപുരോഹിതനും നമുക്കു ഉള്ളതുകൊണ്ടും,” നമുക്കു ദൈവത്തോടു സന്തോഷത്തോടെ “അടുക്കുവാൻ” അവസരമുണ്ട്. അങ്ങനെ ചെയ്യാതിരിക്കുന്നതു വിഡ്ഢിത്തമാണ്; അതു സീസൺ ടിക്കറ്റ് എടുത്തിട്ടു ഉപയോഗിക്കാതിരിക്കുന്നതു പോലെ, അല്ലെങ്കിൽ, കൂടുതൽ യോജിക്കുന്നതു, രാജാവിനോടൊപ്പം ആഹാരം കഴിക്കുവാൻ ക്ഷണം ഉണ്ടായിട്ടു അതു നിരസിക്കുന്നതുപോലെയാണ്.

ദൈവത്തിന്റെ കൃപാസനത്തിനടുത്തേക്കു ക്രിസ്ത്യാനി ചെല്ലുന്നതെങ്ങനെ? എബ്രായർ 10:22-ൽ നാലു വിവരണങ്ങൾ നല്കുന്നുണ്ട്, എന്നാൽ അവ എല്ലാം ഒരുപോലെയല്ല. “ദുർമ്മനസാക്ഷി നീങ്ങുമാറു നമ്മുടെ ഹൃദയങ്ങളിൽ തളിക്കപ്പെടുക” യും “നമ്മുടെ ശരീരങ്ങൾ ശുദ്ധ വെള്ളത്താൽ കഴുകപ്പെടുകയും” എന്നീ രണ്ടു പദ പ്രയോഗങ്ങളിലെ ക്രിയകളും പൂർണ്ണ കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഭൂതകാലത്തിൽ കഴിഞ്ഞ പ്രവൃത്തിയെയാണ് അവിടെ സംസാരിക്കുന്നത്, എന്നാൽ അതിന്റെ ഫലം തുടരുന്നു. ആ ക്രിസ്ത്യാനികൾ മുൻപു “ക്രിസ്തുവിന്റെ രക്തത്താൽ” “അവരുടെ ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും,” അവരുടെ “ശരീരങ്ങൾ കഴുകപ്പെട്ടവരും” ആയിരുന്നു; അതായതു, അവർ സ്നാനം ഏറ്റവരായിരുന്നു. അതു അവരുടെ അകവും പുറവും ശുദ്ധമായതു പോലെയാണ്. അതിന്റെ ഫലം അപ്പോഴും തുടരുന്നു. അവരെ സ്നാനം കൊണ്ടു വന്ന അവസ്ഥയാണ് അവരിൽ അപ്പോഴും ഉള്ളത്: അവർ ക്രിസ്ത്യാനികളായി തീർന്നിരുന്നു, സഭയിൽ അംഗങ്ങളായി തീർന്നു, വീണ്ടും ജനിച്ചു, കൃപയാൽ രക്ഷിക്കപ്പെടുകയും ചെയ്തിരുന്നു.

വാക്യം 22-ലെ മൂന്നും നാലും വിവരണങ്ങൾ - “പരമാർത്ഥ ഹൃദയത്തോടും” “വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയത്തോടും” എന്നതു - വർത്തമാനകാലത്തിൽ സംസാരിക്കുന്നു. ക്രിസ്ത്യാനി ദൈവത്തോടു അടുക്കുമ്പോൾ, അവനത് ചെയ്യേണ്ടത് “പരമാർത്ഥ ഹൃദയത്തോടും”

കൂടാതെ "വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയത്തോടും," ദൈവം അവിടെ ഉണ്ടെന്നും, അവൻ തല്പരനാണെന്നും, അവനെ നമുക്കു സമീപിക്കാം എന്നുമുള്ള വിശ്വാസത്തോടെയും ആയിരിക്കണം!

"അടുത്തു ചെല്ലുക" എന്ന ക്രിയ വർത്തമാനകാലത്തിൽ ഉപയോഗിച്ചിരിക്കുന്നതു തുടർകാലത്തെ സൂചിപ്പിക്കുന്നതുകൊണ്ടു, ഈ വാക്യം പ്രാധാന്യമുള്ളതാകുന്നു. അതുകൊണ്ടു, "നമുക്കു അടുത്തു ചെന്നുകൊണ്ടിരിക്കാം. ..." എന്ന ആശയം, അതിലുൾപ്പെട്ടിരിക്കാം. ഒരിക്കൽ മാത്രം ദൈവത്തോടു അടുത്തു വന്നാൽ മതി എന്നല്ല ലേഖകൻ പറയുന്നത്, എന്നാൽ തുടർച്ചയായി ദൈവത്തോടു അടുത്തു ചെന്നു കൊണ്ടിരിക്ക എന്നാണ്.

അതുകൊണ്ടു, ആ വേദഭാഗം സ്നാനമേറ്റവരോടു വിശ്വാസത്തോടും ആത്മാർത്ഥതയോടും ദൈവത്തോടു അടുത്തു ചെന്നു കൊണ്ടിരിക്കണം എന്നാണ് പറയുന്നത്. അങ്ങനെ ചെയ്യുവാൻ ക്രിസ്ത്യാനികൾ ദിവസവും പ്രാർത്ഥന മുഖാന്തരം ദൈവത്തോട് ആശയ വിനിമയം ചെയ്യുകയും ദൈവത്തെ തന്റെ വചനം മുഖാന്തരം നമ്മോടു സംസാരിക്കുവാൻ അനുവദിക്കയും വേണം. ഒരു ക്രിസ്ത്യാനി ദൈവ ഭക്തിയിൽ ധ്യാനപൂർണ്ണനായി ജീവിക്കുകയും, ദൈനന്തിന പ്രവൃത്തികൾ അവനെ ദൈവത്തോടു അടുപ്പിക്കയും ചെയ്താൽ, അവൻ വീണുപോകുവാൻ പ്രയാസമാണ്.

### വിശ്വാസത്തെ മുറുകെ പിടിക്കൽ

എബ്രായർ 10:22-25 ലെ രണ്ടാമത്തെ ആജ്ഞാഭാവമുള്ള പ്രസ്താവ്യമാണ് "പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക, വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലൊ" (വാ. 23). എബ്രായർ ലേഖനം എഴുതിയ ക്രിസ്ത്യാനികൾ ഉപദ്രവവും കഷ്ടതയും നേരിട്ടുകൊണ്ടിരുന്നവരായിരുന്നു. അത്തരം സമയത്ത് അവർക്ക് എന്താണാവശ്യം? അവർക്ക് സഹിഷ്ണുതയാണാവശ്യം (10:36; 12:7), സ്ഥിരതയും (12:1), വിശ്വാസവും, പ്രത്യേകിച്ച് വിശ്വസ്തതയുടെ കാര്യത്തിൽ (10:39; 11). 10:23-ൽ ലേഖകൻ നല്ല സ്വീകാരം "മുറുകെ പിടിച്ചു കൊള്ളുവാനാണ്" പറഞ്ഞിരിക്കുന്നത് - അതു അവരുടെ വിശ്വാസത്തോടും, അവരുടെ മതത്തോടും ഉള്ളതാണ്. അവർക്കു വേണ്ടിയിരുന്നത് "പ്രയാസമുള്ള വിശ്വാസം" ആയിരുന്നു - അത് സഹിക്കുന്ന ഒരു വിശ്വാസമാണ്, ക്രിസ്ത്യാനിക്കു എന്തു സംഭവിച്ചാലും, അതു സഹനശക്തിയുള്ളതും, "കഠിനമായി തോന്നുന്നതുമായ," വിശ്വാസമാണ്.

ക്രിസ്ത്യാനി പ്രത്യാശ "മുറുകെ പിടിക്കേണ്ടത്" എന്തുകൊണ്ട്? കാരണം നമുക്കു പ്രത്യാശ തരുന്ന ദൈവം വിശ്വസ്തനാണ്! അവൻ തന്റെ വാഗ്ദാനം പാലിക്കും! അവൻ നമുക്കു വാഗ്ദാനം ചെയ്തിട്ടുള്ളതു നിവർത്തിക്കുക തന്നെ ചെയ്യും. വിശ്വസ്തമായി ജീവിക്കുവാൻ എത്ര മനോഹരമായ ഉത്തേജനമാണുള്ളത്!

സഭാദ്ധ്യക്ഷന്മാർക്കു "പ്രയാസമുള്ള വിശ്വാസം" വളർത്തിയെടുക്കുവാൻ ശിഷ്യന്മാർ നേരിട്ട പരീക്ഷണങ്ങളെ പുതിയ ക്രിസ്ത്യാനികൾക്കു മുന്നറിയിക്കുന്ന ഒരു പഠന പ്രോഗ്രാമിലൂടെ സാധിക്കും. ചർച്ചാ ക്ലാസുകളും സേവന പദ്ധതികളും വിശ്വസ്തരായിരിക്കുന്നതിലുള്ള പ്രയാസ

ങ്ങളെ പുതിയ അംഗങ്ങൾക്ക് മനസ്സിലാക്കിത്തരുകയും എന്നാൽ "സുരക്ഷിതത്വ" അന്തരീക്ഷത്തിൽ വിശ്വസ്തരായിക്കുന്നത് ആത്മിയമായി അപകടമുള്ള "വാസ്തവത്തിലുള്ള ലോകത്തിൽ" അവർക്കു ശക്തി നൽകുവാൻ ഉപകരിക്കുന്നു.

**പരസ്പരമുള്ള പ്രോത്സാഹനം**

എബ്രായർ 10:22-25 ലെ മൂന്നാമത്തെ ആജ്ഞാഭാവത്തിലുള്ള പ്രസ്താവ്യം 24 ഉം 25 ഉം വാക്യങ്ങളിൽ കാണാം: "ചിലർ ചെയ്യുന്നതു പോലെ, നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ, തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ, അന്യോന്യം സൂക്ഷിച്ചുകൊൾക; നാൾ സമീപിക്കുന്നു എന്നു കാണുന്തോറും, അതു അധികമധികമായി ചെയ്യേണ്ടതാകുന്നു."

വിട്ടുപോകുന്ന പ്രശ്നം പരിഹരിക്കുവാൻ ഇതാകാം പോംവഴി. ഓരോ അംഗത്തിനും, പുരുഷനായാലും സ്ത്രീയായാലും വിശ്വാസത്തോടു പതറാത്ത സമർപ്പണവും തുടർച്ചയായ ആത്മിയ വളർച്ചയും മുഖാന്തരം വിശ്വസ്തരായിരിപ്പാനുള്ള ഉത്തരവാദിത്വമുണ്ടെന്ന് സഭാദ്ധ്യക്ഷന്മാർ പഠിപ്പിക്കണം. (നോക്കുക ഗലാത്യർ 6:5 ഉം യൂദാ 21 ഉം). എന്നിരുന്നാലും, വിശ്വസ്തരായിത്തന്നെ നിലനില്ക്കുവാൻ അന്യോന്യം നല്കുകയും സ്വീകരിക്കയും ചെയ്യുന്ന പ്രബോധനമാണ് നമുക്കാവശ്യം.

പരസ്പര പ്രബോധനത്തെ കുറിച്ചുള്ള ആറു സത്യങ്ങൾ ലേഖകൻ എബ്രായർക്കു എഴുതുന്നുണ്ട്: (1) അതു ശ്രദ്ധയോടെ ചിന്തിക്കുന്നതിന്റെ ഫലമാകണം. നാം "സ്നേഹത്തിലും സൽപ്രവൃത്തിയിലും എങ്ങനെ ഓരോരുത്തരേയും ഉണർത്താമെന്നു ചിന്തിക്കണം." അതിനർത്ഥം നാം അതു നേടി എടുക്കുവാൻ ഏറ്റവും നല്ല വഴികൾ നോക്കേണ്ടതുണ്ട് എന്നാണ്. (2) അതിൽ "പ്രകോപനവും" ഉൾപ്പെടുന്നു. ലേഖകൻ "അന്യോന്യം ഉത്തേജിപ്പിക്കുവാൻ," പറയുന്നതിൽ ഉദ്ദീപിപ്പിക്കുകയും, കുത്തുകയും, തള്ളുകയും, അല്ലെങ്കിൽ പ്രചോദിപ്പിക്കയും ചെയ്യണം എന്നുമർത്ഥമുണ്ട്. (3) അതു വലിയ സ്നേഹത്തിലേക്കും സൽപ്രവൃത്തിയിലേക്കും നയിക്കും. ക്രിസ്ത്യാനികൾ "പരസ്പരം *സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ആയി* ഉത്തേജിപ്പിക്കണം," അല്ലാതെ കോപത്തിനും ദുഷ്പ്രവൃത്തികൾക്കും ആയിരിക്കരുത്. (4) അതു നടക്കേണ്ടതു സഭായോഗത്തിലും, മറ്റു സമയങ്ങളിലുമാണ്. "സഭായോഗം ഉപേക്ഷയായി വിചാരിക്കരുത്," എന്നും അതിനെ എതിർത്തുകൊണ്ട് "അന്യോന്യം പ്രബോധിപ്പിക്കണമെന്നും" വേദഭാഗം മുന്നറിയിക്കുന്നുണ്ട്. എന്തൊക്കെയായാലും സഭ കൂടി വരുന്നതിന്റെ ഫലം, പരസ്പര പ്രോത്സാഹനം ആയിരിക്കണം. (5) നമ്മുടെ ജീവിതത്തിന്റെ അവസാനം അർത്ഥമുണ്ടാകണം എന്ന ചിന്തയോടെയാണ് ഇതു ചെയ്യേണ്ടത്: കർത്താവിന്റെ നാൾ, രണ്ടാം വരവു ആണ് അർത്ഥമാക്കുന്നത്. "നാൾ സമീപിക്കുന്നു എന്നു കാണും തോറും" നാം പരസ്പരം പ്രബോധിപ്പിക്കേണ്ടതാണ്.[3] (6) അതു പ്രാധാന്യമുള്ളതാണ് കാരണം വിശ്വാസത്തകർച്ചയിൽ - പാപത്തിൽ തുടർന്നാൽ - ഭയങ്കരമായ അനന്തരഫലങ്ങൾ ഉണ്ടാകും (10:26-31).

അന്യോന്യമുള്ള പ്രബോധനം ഇതാദ്യമായിട്ടല്ല എബ്രായ ലേഖനം ആവശ്യപ്പെടുന്നത്. മരുഭൂമിയിൽ വീണുപോയ യിസ്രായേൽ മക്കളുടെ ഉദാഹരണം പറഞ്ഞശേഷം, ലേഖകൻ പറഞ്ഞു, "സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ, ത്യജിച്ചു കളയാതിരിക്കേണ്ടതിനു, അവിശ്വാസമുള്ള ദുഷ്ടഹൃദയം, നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ. നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിനു "ഇന്നു," എന്നു പറയുന്നേടത്തോളം നാൾതോറും, അന്യോന്യം പ്രബോധിപ്പിച്ചു കൊൾവിൻ" (3:12, 13). ഒരു പക്ഷെ ഈ വേദഭാഗത്തിന്റെ മുഖ്യമായ വസ്തുത *ദിവസവുമുള്ള* പ്രബോധനത്തിന് അത് ആവശ്യമാണ് എന്നതാണ്. ആ ആവശ്യം നിറവേറ്റുവാൻ സഭാംഗങ്ങൾക്ക് സഭായോഗത്തിലെ പരസ്യാരാധനയിൽ മാത്രമുള്ള പരസ്പര ബന്ധത്താൽ സാധ്യമല്ല.

നിരന്തരമായ പരസ്പര പ്രബോധനത്തിന്റെയും പ്രോത്സാഹനത്തിന്റെയും ആവശ്യകത വിശ്വാസത്തിൽ നിന്നുള്ള വീഴ്ച്ച പ്രതിരോധിക്കുന്നതിനു ഒരു പ്രോഗ്രാമിന്റെ മൂന്നു ഭാഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

*ഒന്നാമത്തേത് അന്യോ-ന്യമുള്ള ഉത്തരവാദിത്വമാണ്.* അന്യോന്യമുള്ള ഉത്തരവാദിത്വം നാം സ്വീകരിക്കണം - പ്രത്യേകിച്ചു പുതിയ പരിവർത്തകർക്ക്. നാം നമ്മുടെ സഹോദരന്റെ സൂക്ഷിപ്പു*കാരനാണെന്നു* ബൈബിൾ പറയുന്നു. (നോക്കുക ഗലാത്യർ 6:2.) മറ്റുള്ളവർക്കുവേണ്ടി സഭാദ്ധ്യക്ഷന്മാർക്കു പ്രത്യേകമായ ഉത്തരവാദിത്വമുണ്ട്: തങ്ങൾ കണക്കു കൊടുക്കേണ്ട ഉത്തരവാദപ്പെട്ട കൂട്ടത്തിന്റെ ആത്മാക്കളെ അവർ സൂക്ഷിക്കണം (എബ്രായർ 13:17). അതിനുപുറമെ, ഒരു കുടുംബത്തിൽ ഒരംഗത്തിനു മറ്റുള്ള ഓരോ അംഗത്തോടും ഉത്തരവാദിത്വം തോന്നുന്നതുപോലെ, സഭയിലെ ഒരംഗത്തിനു മറ്റുള്ള ഓരോ അംഗത്തോടും ഉത്തരവാദിത്വം തോന്നണം. പൗലൊസ് പറഞ്ഞു, "നാം അന്യോന്യം അവയവങ്ങൾ അല്ലൊ" (എഫെസ്യർ 4:25).

*രണ്ടാമത്തേതു അടുത്ത ബന്ധമാണ്.* ക്രിസ്ത്യാനികൾ മറ്റു ക്രിസ്ത്യാനികളുമായി അടുത്ത ബന്ധം സ്ഥാപിക്കണം. നമ്മുടെ അടുത്ത സ്നേഹിതരിൽ നിന്നുള്ള പ്രബോധനമാണ് ഏറ്റവും ഫലപ്രദമായി തീരുന്നത്. അതിലുപരി, നമുക്കു മറ്റുള്ളവരോടുള്ള അടുത്ത ബന്ധമാണ് നാം വിശ്വസ്തരായിരിക്കുമോ ഇല്ലയോ എന്നു നിർണ്ണയിക്കുന്നത് എന്നതിന് തെളിവുണ്ട്.

1973-ൽ സിഡ്നിയിലെ, ആസ്ട്രേലിയയിൽ ഞങ്ങൾ പ്രവർത്തിച്ച ഒരു സഭയുടെ ആദ്യത്തെ അഞ്ചു വർഷത്തെ വളർച്ചയുടെ ഗവേഷണം ഞാൻ നടത്തുകയുണ്ടായി. മറ്റുള്ളവരേക്കാൾ മൂന്നു കൂട്ടം ആളുകൾ കൂടുതൽ വിശ്വസ്തരായി ഞാൻ കണ്ടെത്തി: (1) പരിവർത്തനം ചെയ്തപ്പോൾ സഭയിൽ അടുത്ത സ്നേഹിതന്മാർ അഥവാ ബന്ധുക്കൾ ഉണ്ടായിരുന്നവർ, (2) അവർ പരിവർത്തനം ചെയ്യുന്നതിനുമുൻപു ആരാധനക്കു സഭയിൽ വളരെ നാൾ മുടങ്ങാതെ വന്നിരുന്നവർ, കൂടാതെ (3) ഇരുപത്തി അഞ്ചിനു താഴെ പ്രായമുള്ളവർ. *ഈ മൂന്നു കൂട്ടം ആളുകളിലും, പരിവർത്തനം ചെയ്യപ്പെട്ടവർക്കു അവർ സ്നാനം ഏല്ക്കുന്നതിനു മുൻപുതന്നെ അംഗങ്ങളുമായി വ്യക്തിപരമായ ബന്ധം ഉണ്ടായി*

*രുന്നു.* ആരാധനക്കു വന്നുകൊണ്ടിരുന്നവർ സഭയിലെ അംഗങ്ങളുമായി സ്നേഹ ബന്ധത്തിലാകുകയും ഇരുപത്തി-അഞ്ചിൽ താഴെ പ്രായമുള്ളവർ എല്ലാവരും വെള്ളിയാഴ്ച്ച രാത്രിയിൽ പങ്കെടുത്തിരുന്ന യുവജനങ്ങളുടെ കൂട്ടത്തിലെ അംഗങ്ങളുമായിരുന്നു.

പുതിയ പരിവർത്തകർ തങ്ങളുടെ സൗഹൃദബന്ധ മാതൃക മാറ്റിയാൽ, അവർ പരിവർത്തനം ചെയ്തവരായി തന്നെ നിലനില്ക്കും[4] എന്ന് ഫ്ളവിൽ ഏക്‌ലേ, ജൂനിയർ, *സഭ എന്തുകൊണ്ടു വളരുന്നു* എന്നതിൽ, തന്റെ ഗവേഷണത്തിൽ കണ്ടെത്തിയതായി പറഞ്ഞു. അയാൾ പറഞ്ഞു, "ഇടവകയിലെ അംഗങ്ങൾ തമ്മിൽ വ്യക്തിപരമായ ബന്ധം പുലർത്തുകയാണെങ്കിൽ, അവർ വിശ്വസ്തരായിരിക്കുമെന്നാണ് ഇവയെല്ലാം സൂചിപ്പിക്കുന്നത്. അവർ അത്തരം ബന്ധം സ്ഥാപിച്ചില്ലെങ്കിൽ, അവർ സഭയിൽ നിന്നു വിട്ടുപോകുവാനാണ് സാധ്യത."[5] അയാളുടെ ഗവേഷണം കാണിക്കുന്നത് ഒരു പുതിയ അംഗം ആറു മാസത്തിനുള്ളിൽ ഏഴു സ്നേഹിതരെ ഉണ്ടാക്കി (കഴിഞ്ഞിട്ടില്ലെങ്കിൽ) യില്ലെങ്കിൽ, അയാൾ ഒരു പക്ഷെ വിട്ടു പോയേക്കാം.[6] അതു മറ്റൊരു വിധത്തിൽ പറഞ്ഞാൽ പുതിയ പരിവർത്തകർ *സഭയ്ക്കുള്ളിൽ* വ്യക്തി ബന്ധം പുലർത്തിയില്ലെങ്കിൽ, അവർ ഒരുപക്ഷെ വീണു പോയേക്കാം.

സ്ഥാപിക്കുന്ന ബന്ധം എങ്ങനെയുള്ളതാണ് എന്നത് പ്രാധാന്യമുള്ളതാണ്; പുതിയ അംഗങ്ങൾ മറ്റു ക്രിസ്ത്യാനികളോടു പ്രത്യേക ബന്ധം പുലർത്തണം. അതു വളരെ *അടുത്ത* ബന്ധം ആയിരിക്കണം – വെറുതെ ആരാധനക്കുശേഷം "സുഖമാണോ" എന്നു ചോദിക്കുന്നതിനേക്കാൾ ആഴമുള്ള ബന്ധമുണ്ടാകണം. അതു *പെട്ടെന്നു സ്ഥാപിക്കണം.* ഗവേഷണങ്ങൾ സൂചിപ്പിക്കുന്നതു ആ ബന്ധം പെട്ടെന്നുണ്ടായില്ലെങ്കിൽ, പരിവർത്തകർ വീണു പോകുവാൻ സാധ്യതയുണ്ട്. "ആദ്യത്തെ ആറു മാസം നിർണ്ണായകമാണ്. ആ കാലയളവിനുള്ളിൽ അവർ ശരീരവുമായി ഇഴുകി ചേർന്നില്ലെങ്കിൽ അവർ പുറം വാതിലിലൂടെ പുറത്തു കടക്കും."[7] അതു *നിരന്തര*മായിരിക്കണം – നമ്മുടെ കൂടിവരവിൽ മാത്രം പുതിയ അംഗങ്ങളെ കണ്ട് അറിഞ്ഞാൽ പോരാ; അവരെ നാം *നാൾ തോറും* പ്രബോധിപ്പിക്കണം" (എബ്രായർ 3:13).

ആവശ്യമുള്ള വ്യക്തി ബന്ധം നമുക്കെങ്ങനെ ഉണ്ടാക്കിയെടുക്കാം? (1) സഭയിലെ ആളുകളുമായി ബന്ധപ്പെട്ടിരിക്കുന്നവരെ നമുക്കു പരിവർത്തനം ചെയ്യാം. (2) നമുക്കു മറ്റുള്ളവരുടെ ആവശ്യങ്ങളോടു അലിവുള്ളവരാകാം. ആധുനിക മനുഷ്യനെ കാർന്നു തിന്നുന്നതാണ് ഏകാന്തതയും അകന്നിരിക്കലും. ആളുകൾ സഭയിലേക്കു വരുമ്പോൾ, അവർ ഒരുമിക്കുവാൻ ആഗ്രഹിക്കുന്നു. അവർക്ക് അതു ലഭിക്കുന്നുണ്ടോ എന്നു നമുക്ക് ഉറപ്പു വരുത്താം. (3) നമുക്കു കഴിവതും പല പോയിന്റുകളിൽ പുതിയ പരിവർത്തകരുമായി ബന്ധം സ്ഥാപിക്കുവാൻ കഴിയും. ഞാൻ അദ്ധ്യാപകനും മറ്റേ ആൾ പഠിക്കുന്ന ആളുമായിരിക്കുമ്പോൾ ഞങ്ങൾ ഒരു പോയിന്റിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നർത്ഥം. അതു നമ്മെ പരസ്പരം ഒരു കയറാൽ ബന്ധിപ്പിക്കുന്നു. കൂടാതെ പൊതുവായി, നാം മക്കൾ ഉള്ളവരും, ഒരേ സ്ഥലത്തു ജോലി ചെയ്യുന്നവരും, ഒരേ വിനോദം ഇഷ്ടപ്പെടുന്നവരും, ഒരേ ശീലങ്ങൾ ഉള്ളവരുമാകുമ്പോൾ നമ്മൾ ഒരു

തരത്തിൽ മാത്രമല്ല ബന്ധപ്പെടുന്നത് (അദ്ധ്യാപകനും പഠിക്കുന്നവനുമായി), മറിച്ചു അഞ്ചു തരത്തിലാണ്. മുൻപു ആയിരുന്നതുപോലെ, നാം, അഞ്ചു കയറുകളാൽ ഒരുമിക്കുന്നു. അത്തരം വ്യക്തിപരമായ ബന്ധം ഒരു അദ്ധ്യാപക/വിദ്യാർത്ഥി എന്ന നിലയിലുള്ള ബന്ധത്തേക്കാൾ പുതിയ പരിവർത്തകരെ വിശ്വസ്തരായിരിപ്പാൻ കൂടുതൽ സഹായിക്കും. (4) കഴിയുന്നത്ര അംഗങ്ങളുമായി പുതിയ പരിവർത്തകർക്കു വ്യക്തി ബന്ധം പുലർത്തുവാൻ നാം സഹായിക്കണം. (5) നമുക്കു അതിഥി സൽക്കാരം ആചരിക്കുവാനും കൂട്ടായ്മക്കു ഊന്നൽ നല്കുവാനും കഴിയും; ആഹാരം പങ്കിടുന്നതിലൂടെ, വ്യക്തി ബന്ധങ്ങൾ സ്ഥാപിക്കപ്പെടും. (6) നാം കഴിവതും വേഗത്തിൽ സഭയുടെ പ്രോഗ്രാമുകളിൽ അവരെ ചേർക്കണം - ബൈബിൾ ക്ലാസിൽ പങ്കെടുപ്പിച്ചും, ബിസിനസ് മീറ്റിങ്ങിൽ ഉൾപ്പെടുത്തിയും, ആരാധന നയിക്കുന്നതിലും, മറ്റുള്ള അംഗങ്ങളുമായി പ്രവർത്തിക്കുന്നതിലും അവരെ ഉൾപ്പെടുത്താം. നാം ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ, വ്യക്തി ബന്ധങ്ങൾ ശക്തമാകുകയാണ്.

*എല്ലാ അംഗങ്ങളേയും വിശ്വസ്തരായി നിലനിർത്തുക എന്നതായ പ്രോഗ്രാമിന്റെ മൂന്നാമത്തെ ഭാഗം അവിശ്വസ്തരായവരെ കണ്ടെത്തുവാനാണ് ശ്രമിക്കുന്നത്.* നമ്മുടെ പരസ്പരമുള്ള സമർപ്പണ മനോഭാവം വളരെ പ്രാധാന്യമുള്ളതാകയാൽ ഒരു പോരാട്ടം ഉണ്ടാകാതെ അന്യോന്യമുള്ള നമ്മുടെ ബന്ധം ആരും മുറിക്കാതെ നോക്കണം. തെറ്റി പോയവരെ യഥാസ്ഥാനപ്പെടുത്തികൊണ്ടുവരുവാനാണ് ബൈബിൾ നമ്മോടു ആവശ്യപ്പെടുന്നത്: "ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയെങ്കിൽ, ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ. ..." (ഗലാത്യർ 6:1; ആർഎസ്‌വി; കൂടാതെ നോക്കുക യാക്കൊബ് 5:19, 20).

അലഞ്ഞു തിരിയുന്നവരെ തിരയുക എന്നതു മാത്രമല്ല നമ്മുടെ ഉത്തരവാദിത്വം, അവരെ ഉടനെ കണ്ടെത്തണം എന്നതാണ്! രണ്ടു മാസം നീട്ടിക്കൊണ്ടു പോകുക (അധികവും രണ്ടു വർഷത്തിൽ താഴെ) എന്നതു വലിയ കാലയളവാണ്! നിങ്ങൾക്കു സങ്കൽപ്പിക്കാൻ കഴിയുമോ ഒരു വീട്ടിൽ ജോണി എന്ന കൊച്ചു കുട്ടിയുടെ കസേര ആഹാര സമയത്തെല്ലാം കാലിയായി കാണുന്നതും, ആരും അവനെ കാണാത്തതിൽ അത്ഭുതപ്പെടാതിരിക്കുന്നതും, ആരും അതിൽ സങ്കടപ്പെടാതിരിക്കുന്നതും, ആറു മാസം വരെ അവനെ അന്വേഷിച്ച് ആരും പോകാതിരിന്നാൽ, ആറു മാസം കഴിഞ്ഞ് ആരെങ്കിലും ചോദിക്കും, "പറയൂ, ആരെങ്കിലും ജോണിയെ ഈ അടുത്ത സമയത്ത് കണ്ടോ? ഇല്ലേ? ഒരുപക്ഷെ നമ്മൾ അവനെ പോയി തിരയേണ്ടതായിട്ടുണ്ട്." അത്തരം കുടുംബത്തിൽ ജീവിക്കുവാൻ ആരും തുനിയുകയില്ല. തീർച്ചയായും സഭയും അത്തരം കുടുംബത്തെ പോലെ ആകരുത്. ആരെല്ലാം വരാതിരിക്കുന്നു എന്നു നാം അറിയണം, അവരെ കുറിച്ചു കരുതണം, ഉടനെ അവർ വീണു പോകുവാൻ ശ്രമിച്ചാലും, അവരെ കൊണ്ടു വരുവാൻ ശ്രമിക്കയും വേണം.

*അവരെ തിരയുന്നതിന്റെ ആവശ്യത്തേക്കാൾ പ്രാധാന്യമുള്ളതല്ല അലഞ്ഞു തിരിയുന്ന ആടുകളെ അന്വേഷിക്കുന്ന വഴി!* ചിലപ്പോൾ

തെറ്റായ എന്തെങ്കിലും നയം സ്വീകരിച്ചു പോകുമോ എന്ന ഭയത്താൽ നാം ഒന്നും ചെയ്യുകയില്ല. താഴെ കൊടുത്തിരിക്കുന്ന കഥ ആ പോയിന്റ് ചിത്രീകരിക്കുന്നു:

കർത്താവിനുവേണ്ടി പരുഷനും, വിദ്യാഭ്യാസമില്ലാത്തവനുമായ ഒരു പുതിയ പരിവർത്തകൻ ആവേശം കൊണ്ടു നില്ക്കുകയായിരുന്നു. അയാൾ ഉപദേഷ്ടാവിനോട് എന്തെങ്കിലും ജോലി തരുവാൻ ആവശ്യപ്പെട്ടു. കൂടുതൽ ശരിയായ പ്രവൃത്തി എന്തെന്ന് അറിയാതെ, ഉപദേഷ്ടാവു, കഴിഞ്ഞ മാസങ്ങളിൽ ആരാധന മുടക്കിക്കൊണ്ടിരിക്കുന്നവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി, അയാൾക്ക് കത്തയക്കാൻ വേണ്ട സാധനങ്ങൾ നല്കി കൊണ്ട്, അയാളോടു പറഞ്ഞു, “നിങ്ങൾക്ക് ഒരുപക്ഷെ ആരാധന മുടക്കാതിരിക്കുവാൻ ഇവർക്ക് ഓരോ കത്തെഴുതി പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞേക്കാം.” വളരെ താല്പര്യത്തോടെ ആ പുതിയ ക്രിസ്ത്യാനി ആ ജോലി സ്വീകരിച്ചു പോയി. അധികനാൾ കഴിയുന്നതിനുമുൻപു, ആ ഇടവകയിലെ അംഗമായിരുന്ന ഒരു ഡോക്ടറുടെ കത്തു ഉപദേഷ്ടാവിനു ലഭിച്ചു. അത് ഇങ്ങനെ വായിക്കുന്നു:

> പ്രിയ സഹോദരൻ ജോൺസേ,
>
> ആരാധന ഞാൻ ഉപേക്ഷയായി വിചാരിച്ചതിനെ കുറിച്ചു സഹോദരൻ ജോർജ് എഴുതിയ കത്തു ലഭിച്ചു. ഒരുപക്ഷെ, നിങ്ങൾക്കറിയാമായിരിക്കാം എന്റെ ജോലിക്ക് ധാരാളം സമയം വേണ്ടി വരുന്നതുകൊണ്ട് എല്ലാ ആരാധനക്കും വരുവാൻ എനിക്കു കഴിഞ്ഞില്ല. എന്നിരുന്നാലും, ഭാവിയിൽ ആരാധന മുടക്കാതിരിക്കാൻ ശ്രമിക്കാം. അതിനിടയിൽ, ഞാൻ വരാതിരുന്ന ആഴ്ച്ചകളിലെ ധർമ്മശേഖമായും, മിഷൻ പ്രവർത്തനത്തിന് കുറെ പണം വേറെയും ഇതോടൊപ്പം അയക്കുന്നു. എന്റെ ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചതിനു നന്ദി.
>
> ക്രിസ്തുവിൽ നിങ്ങളുടെ,
> ഡോ. ജോൺ സ്മിത്ത്
>
> പി.എസ്. “ഡർട്ടി” എന്ന വാക്കിൽ ഒരു “ടി” യേയുള്ളൂ എന്നും “ഷങ്ക്” എന്ന വാക്കിൽ “സി” ഇല്ല എന്നും ദയവായി സഹോദരൻ ജോർജിനെ അറിയിക്കുമല്ലോ.[8]

വിട്ടുപോയവരെ നാം എങ്ങനെ അന്വേഷിക്കുന്നു എന്നതല്ല പ്രാധാന്യം; അതു ചെയ്യുന്നതാണ്!

എബ്രായർ 10:22–25 ലെ മൂന്നാമത്തെ ആജ്ഞാഭാവത്തിൽ അടങ്ങിയിരിക്കുന്നത് സഭയ്ക്കുള്ളിൽ ഒരു “കുടുംബാന്തരീക്ഷം” ഉളവാക്കുന്ന പ്രോഗ്രാമുകൾ സഭാദ്ധ്യക്ഷന്മാർ രൂപപ്പെടുത്തണമെന്നും അതു അവരെ നയിക്കുന്നത് (1) ക്രിസ്ത്യാനികൾ അന്യോന്യം ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു എന്ന വിശ്വാസത്തിലേക്കും; (2) അംഗങ്ങൾ തമ്മിലുള്ള ബന്ധം വളർത്തിയെടുക്കുന്നതിലേക്കും, പ്രത്യേകിച്ചു വിശ്വാസത്തിൽ പക്വത

എത്തിയവരും പുതിയ അംഗങ്ങളും തമ്മിൽ; കൂടാതെ (3) വിട്ടുപോയ അവിശ്വസ്തരായ അംഗങ്ങളെ തിരിച്ചു കൊണ്ടുവരുവാൻ തുടർച്ചയായി പരിശ്രമിക്കുക.

**ഉപസംഹാരം**

എബ്രായർ 10:19-25 പറയുന്നതു വിട്ടുപോയ പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്ന സഭാംഗങ്ങൾ താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്ന പ്രോഗ്രാമുകൾ ആസൂത്രണം ചെയ്യുകയും, നടപ്പിലാക്കുകയും, നില നിർത്തുകയും വേണം:

- ഓരോ അംഗത്തെയും ദൈവ വചനം പഠിപ്പിക്കുവാൻ സാധിച്ചോ എന്നു നോക്കുവാൻ ശ്രമിക്കുക.
- വ്യക്തികളായ ക്രിസ്ത്യാനികളെ നിരന്തരമായി ദൈവത്തോടു അടുക്കുവാൻ പ്രബോധിപ്പിക്കുക.
- പരീക്ഷണങ്ങളെ നേരിടത്തക്ക ശക്തി വിശ്വാസത്തിൽ വളർത്തിയെടുക്കുവാൻ ക്രിസ്ത്യാനികളെ സഹായിക്കുക.
- അംഗങ്ങൾക്കിടയിൽ അന്യോന്യമുള്ള ആത്മിക പ്രബോധനത്തിന്റെ ഫലം ഉണ്ടാകുക.

50 ശതമാനം അംഗങ്ങൾ നഷ്ടപ്പെടുന്നത് "സാധാരണ" അല്ലെങ്കിൽ "ഒഴിവാക്കാനാവാത്തത്" ആയി നാം കണക്കാക്കരുത്. നമ്മൾ പരിശ്രമിച്ചാലും ചില അംഗങ്ങൾ നഷ്ടമാകുമെങ്കിലും, യേശു അവന്റെ ഉപദേഷ്ടാവു ആയിരുന്നു എന്ന വസ്തുത ഉണ്ടായിട്ടുപോലും, യൂദാ തെറ്റിപോയതുപോലെ, അതൊരു നിയമമായി സംഭവിക്കണമെന്ന് നാം പ്രതീക്ഷിക്കുകയോ, ആ പ്രശ്നത്തെ കഠിനമായി എടുക്കയോ ചെയ്യരുത്.

ഓരോ ക്രിസ്ത്യാനിയും വിലയുള്ളവനാണ്. ഒന്നുപോലും നഷ്ടപ്പെട്ടുപോകണമെന്നു നാം ആഗ്രഹിക്കുന്നില്ല! ലൂക്കൊസ് 15:4-6 വരെയുള്ള വേദഭാഗത്തിൽ 100 ആടുകളുണ്ടായിരുന്ന ഇടയനു അതിൽ 1 കാണാതെ പോയ ഉപമ യേശു പറയുന്നുണ്ട്. അവൻ തൃപ്തനായിരുന്നോ? അവൻ, "എനിക്കു 99 ശതമാനം വിജയം ഉണ്ട്! ഒന്നു മാത്രമെ നഷ്ടപ്പെട്ടുള്ളു അതുകൊണ്ടു ഇന്നു രാത്രി എനിക്ക് ഉറങ്ങാൻ കഴിയും" എന്നു, പറഞ്ഞുവോ? ഇല്ല, ഇടയൻ അതിനെ കണ്ടെത്തുവോളം തിരഞ്ഞു! ഒരു ആട് - ഒരു ആത്മാവു - യേശുവിനു വിലയുള്ളതായിരുന്നു! നമുക്കും ഓരോരുത്തരും വിലയുള്ളതാകണം, പ്രത്യേകിച്ച് ആ ഒരാൾ നമ്മുടെ സഹോദരൻ അല്ലെങ്കിൽ സഹോദരിയായതുകൊണ്ടാണ്!

---

കുറിപ്പുകൾ

[1]കോയ് റോപറിന്റെ "കീപ്പിങ്ങ് ദ സേവ്ഡ് സേവ്ഡ്" എന്ന പാഠത്തിൽ നിന്ന് ഈ പാഠം എടുത്തിട്ടുള്ളതാണ്. [2]എബ്രായർ 13:1-6 ലെ പ്രായോഗിക ആവശ്യങ്ങളും, മറ്റു വാക്യങ്ങളും, സഭയുടെ തെറ്റുകൾ അല്ലെങ്കിൽ പ്രത്യേക

ആവശ്യങ്ങളെ പ്രതിഫലിപ്പിക്കാനും സാധ്യതയുണ്ട്. [3]എബ്രായർ 10:25 ലെ "ആ ദിവസം" എന്നതിന് തീർച്ചയായും മറ്റു വ്യാഖ്യാനങ്ങളുമുണ്ട്, അതു ഈ വേദഭാഗത്തിലെ മറ്റു ഭാഗങ്ങളുടെ മറ്റു വ്യാഖ്യാനങ്ങളെ പോലെ തന്നെയാണ്. [4]ഫ്ളവിൽ ആർ. ഏക്‌ലേ, ജൂനിയർ., *വൈ ചർച്ചസ് ഗ്രോ,* 2ഡി എഡി. (അർവാഡാ, കൊലൊ.: ക്രിസ്ത്യൻ കമ്മ്യൂണിക്കേഷൻസ്, 1979), 72. [5]ഇബിഡ്., 54. നോക്കുക വിൻ ആൺ ആന്റ് ചാൾസ് ആൺ, "ക്ളോസിങ്ങ് ദ ഇവാഞ്ചലിസ്റ്റിക് ബാക്ക് ഡോർ," *ലീഡർഷിപ്പ്* (സ്പ്രിങ്ങ് 1984): 29. [6]സൈറ്റഡ് ബൈ ആൺ ആന്റ് ആൺ, 29. [7]ഇബിഡ്., 30. [8]ഇത് എന്റെ ഇഷ്ടപ്പെട്ട കഥകളിൽ ഒന്നായതുകൊണ്ട്, അതെവിടെയാണ് ഞാൻ ആദ്യം കേട്ടതെന്നും ആരുണ്ടാക്കിയതാണെന്നും ഞാൻ ഓർക്കുന്നില്ല.

© 2009 Truth for Today